എമ്മാവൂസ്
# വചനദൂത്

Vol. IX  Issue :12




**ലൂക്കാ 18:35–43**

ബ്രദർ ജോസഫ് കൊല്ലംപറമ്പിൽ

വി. കുരിശിന്റെ പുകഴ്ചയെ കേന്ദ്രമാക്കി കർത്താവിന്റെ രണ്ടാമത്തെ വരവും കുരിശിന്റെ വിജയവും അനുസ്മരിക്കുന്ന ആരാധനാക്രമവത്സരത്തിലെ പുതിയ ഒരു കാലത്തിലേക്ക്, ഏലിയാ സ്ലീവാ മൂശക്കാലത്തിലേക്ക് നാം ഇന്നു പ്രവേശിക്കുകയാണ്. ഏലിയാ സ്ലീവാ മൂശക്കാലം നമ്മിൽ നിന്നാവശ്യപ്പെടുന്നത് കർത്താവിന്റെ രണ്ടാമത്തെ വരവും അന്ത്യവിധിയും ധ്യാനവിഷയമാക്കിക്കൊണ്ട് കർത്താവിന്റെ വലതുവശത്തു നിൽക്കാനുള്ള വിധം ജീവിതത്തെ ക്രമപ്പെടുത്താനാണ്.

ഇന്നത്തെ സുവിശേഷം നമ്മുടെ മുൻപിൽ അവതരിപ്പിക്കുന്നത് ഒരു അന്ധനായ യാചകനെയാണ്. ലൂക്കാ സുവിശേഷത്തിലെ 14–ാം അത്ഭുതമാണ് ഇത്. യേശുവും ശിഷ്യന്മാരും പെസഹാ തിരുനാൾ ആഘോഷിക്കാനായ് ജറുസലേമിലേക്ക് പോകുന്ന വഴിയിലാണ് ഈ സംഭവം നടക്കുന്നത്. സമാന്തര സുവിശേഷങ്ങളിൽ മത്തായിയും മർക്കോസും പട്ടണം വിട്ടുപോകുമ്പോഴാണ് അന്ധനെ കണ്ടുമുട്ടുന്നതെങ്കിൽ, ലൂക്കാ സുവിശേഷത്തിൽ പട്ടണത്തിലേക്ക് പ്രവേശിക്കുമ്പോഴാണ്. സാധാരണയായി തിരുനാളിന് പോകാൻ സാധിക്കാത്തവർ തീർത്ഥാടകർക്ക് ആശംസകൾ നേരാനായ് വഴിയോരത്ത് കാത്തുനിൽക്കുക പതിവായിരുന്നു. അങ്ങനെ കൂടിയിരുന്ന ഒരു ആൾക്കൂട്ടത്തിലായിരിക്കും ഇന്നത്തെ സുവിശേഷത്തിൽ പരാമർശിക്കപ്പെടുന്ന അന്ധനും ഉണ്ടായിരുന്നത്.

ലൂക്കാ സുവിശേഷകനെ സംബന്ധിച്ചിടത്തോളം യേശുവിന്റെ ജറുസലേം യാത്ര, യേശുവിന്റെ മരണത്തിലേക്കുള്ള യാത്രയാണ്. ഈ യാത്രയിലൂടെയാണ് തന്റെ മുന്നിലൂടെ കടന്ന് പോകുന്നത് യേശുവാണെന്ന് തിരിച്ചറിഞ്ഞ അന്ധൻ വിളിച്ചപേക്ഷിക്കുന്നത്. 'ദാവീദിന്റെ പുത്രാ എന്നിൽ കനിയണമേ' എന്ന്. പലരും അവനോട് മിണ്ടാതിരിക്കാൻ പറഞ്ഞ് ശാസിക്കുന്നുണ്ടെങ്കിലും അവൻ കൂടുതൽ ഉച്ചത്തിൽ വിളിച്ചപേക്ഷിക്കുകയാണ്. അവന്റെ ദീനമായ രോദനം യേശുവിന്റെ കാതുകളിൽ പതിക്കുന്നു. അവനെ അടുത്ത് വിളിച്ച് താൻ എന്താണ് അവന് ചെയ്തു നൽകേണ്ടത് എന്ന് ചോദിക്കുന്നു. അന്ധൻ അവന് ഏറ്റവും ആവശ്യമായകാര്യം കാഴ്ച തിരിച്ചു കിട്ടണം എന്ന് അപേക്ഷിക്കുന്നു. ഉടനെ അവന്റെ വിശ്വാ

സത്തെ പ്രശംസിക്കുകയും കാഴ്ച നൽകുകയും ചെയ്യുകയാണ് കർത്താവ് ഇവിടെ.

ആത്മീയ അന്ധത ബാധിക്കുന്ന നമ്മുടെ ഉൾക്കണ്ണുകൾ തുറന്ന് കിട്ടാൻ എന്ത് ചെയ്യണം എന്നതിന് അന്ധൻ നൽകുന്ന മാതൃക വളരെ വിലപ്പെട്ടതാണ്. 5 കാര്യങ്ങളാണ് അന്ധനായ യാചകൻ നമ്മുടെ മുൻപിൽ തുറന്ന് വയ്ക്കുക.

ഒന്നാമതായ് അംഗീകരിക്കുക എന്നതാണ്. അന്ധന്റെ ജീവിതത്തിൽ അവന്റെ ഒരു കുറവിനെപ്പറ്റി അവന് നല്ല ബോധ്യം ഉണ്ടായിരുന്നു. അതിനെ മറച്ചുവയ്ക്കാതെ അംഗീകരിക്കുകയും, ഏറ്റുപറയുകയും, മാറാൻ ആഗ്രഹിക്കുകയും ചെയ്തപ്പോൾ അവൻ സൗഖ്യം അനുഭവിച്ചു. 2018 മെയ് 30-ാം തീയതിയിലെ പത്രങ്ങളിൽ വന്ന ഒരു വാർത്തയായിരുന്നു എറണാകുളം ജില്ലയിലെ പുതിയ സബ്കളക്ടറെപ്പറ്റി. 6-ാം വയസ്സിൽ കാഴ്ച നഷ്ടപ്പെട്ട Pranjal Patel എന്ന പെൺകുട്ടി അതിൽ തളരാതെ അതിനെ അംഗീകരിച്ച് മുന്നേറിയപ്പോൾ എത്തിപിടിക്കാൻ സാധിച്ചത് എല്ലാ കഴിവുകളും ഉണ്ടായിട്ടും പലർക്കും ലഭിക്കാതെപോയ ഉന്നതമായ ഐ.എ.എസ്. പദവിയാണ്. കുറവുകളെ അംഗീകരിക്കാതിരിക്കുമ്പോൾ നിരാശയിലേക്ക് നാം വഴുതിവീഴും. എന്നാൽ മറിച്ചാണെങ്കിൽ നമ്മൾ ഉദ്ദേശിക്കാത്ത അത്ര ഉയരത്തിൽ അത് നമ്മെക്കൊണ്ടെത്തിക്കും. അന്ധൻ, അവന്റെ കുറവിനെ അംഗീകരിച്ചപ്പോൾ അത് രക്ഷയ്ക്കു മാർഗ്ഗമായും സൗഖ്യം നേടുവാനും സാധിച്ചു.

രണ്ടാമതായ് അന്വേഷിക്കുക. യോഹന്നാന്റെ സുവിശേഷം 8-ാം അദ്ധ്യായം 12-ാം വാക്യം "ഞാൻ ലോകത്തിന്റെ പ്രകാശമാണ്, എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുകയില്ല, അവന് ജീവന്റെ പ്രകാശമുണ്ടായിരിക്കും". പാപത്തെയും പാപത്തിന്റെ അന്ധകാരത്തെയും നീക്കി രക്ഷ നൽകാനാണ് ഈശോ ലോകത്തിലേക്ക് വന്നത്. ആ രക്ഷകനെ കണ്ടെത്തുമ്പോഴാണ് നമുക്ക് രക്ഷ കണ്ടെത്താൻ സാധിക്കുക. 'ആരാണ് കടന്ന് പോകുന്നതെന്ന്' അന്ധൻ അന്വേഷിക്കുന്നു. ഇതുപോലെ നമ്മുടെ ജീവിതവഴികളിൽ ഈശോ കടന്നുപോകുന്നുണ്ട്, എന്നാൽ നാം അത് അറിയുന്നില്ല. അതിനാൽ ഓരോ നിമിഷവും രക്ഷകനെ അന്വേഷിക്കുമ്പോഴാണ് രക്ഷ നമ്മെ തേടിവരുന്നത്. ലൂക്കാ 12:30-31, വചനം പറയുന്നു "നിങ്ങൾക്ക് ഇതെല്ലാം ആവശ്യമാണെന്ന് നിങ്ങളുടെ പിതാവിനറിയാം. നിങ്ങൾ അവിടുത്തെ രാജ്യം അന്വേഷിക്കുവിൻ, ഇവയെല്ലാം അതോടൊപ്പം നിങ്ങൾക്ക് ലഭിക്കും" എന്നാണ് ഈശോ പറയുന്നത്. വചന വായനയിലൂടെ നാം ദൈവത്തെ അന്വേഷിച്ചാൽ മാത്രമേ അവിടുത്തെ കണ്ടെത്താൻ കഴിയൂ. ജീവിതത്തിൽ ദൈവത്തെ അന്വേഷിക്കാൻ അന്ധൻ നമ്മോട് ആഹ്വാനം ചെയ്യുന്നു.

മൂന്നാമതായ് അപേക്ഷിക്കുക, 41-ാം വാക്യത്തിൽ നാം വായിച്ചുകേട്ടു. "കർത്താവേ, എനിക്ക് കാഴ്ച വീണ്ടു കിട്ടണം" എന്ന അന്ധന്റെ അപേക്ഷ. നമ്മുടെ ജീവിതങ്ങളിലും അന്ധത മാറി കാഴ്ച ലഭിക്കണമെങ്കിൽ അന്ധൻ ചെയ്തതുപോലെ ഒരു അപേക്ഷ ദൈവതിരുമുമ്പിൽ വയ്ക്കണം. മനുഷ്യ മനസ്സിന്റെ ഒരു പ്രത്യേകതയാണ് ഒന്നിലും സംതൃപ്തമാവില്ല എന്നുള്ളത്. ഒന്നു കിട്ടുമ്പോൾ അടുത്തത്. പിന്നെ വേറൊന്ന് ഇങ്ങനെ നീണ്ടുപോകുന്നു. ജീവിതത്തിലെ അഹങ്കാരം മാറ്റി, എളിമയോടെ ദൈവത്തെ കാണാനുള്ള കാഴ്ച ലഭിക്കുവാനായ് നിരന്തരം അപേക്ഷിക്കാൻ, അന്ധയാചകനിലൂടെ സുവിശേഷം നമ്മോട് പറയുന്നു.

നാലാമതായി, അന്ധകാരത്തിന്റെ ലോകത്തിൽനിന്നും പ്രകാശത്തിലേക്ക് നയിക്കാനായി യേശുവിന് കഴിയും എന്നത് അന്ധന്റെ ആഴമായ വിശ്വാസമാണ്. ഒരിക്കൽപ്പോലും താൻ നേരിട്ട് കണ്ടിട്ടില്ലാത്ത യേശുവിന്, തന്റെ ജീവിതത്തിൽ അത്ഭുതം പ്രവർത്തിക്കാൻ കഴിയും എന്ന വിശ്വാസമാണ് "ദാവീദിന്റെ പുത്രാ, എന്നിൽ കനിയണമേ" എന്ന അവന്റെ നിലവിളിയിൽ ഒളിഞ്ഞിരിക്കുന്നത്. വിശ്വാസത്തോടെയുള്ള അവന്റെ നിലവിളി ജനക്കൂട്ടത്തിന്റെ ശബ്ദാനുഭവങ്ങളെയെല്ലാം അതിലംഘിച്ചുകൊണ്ട് ഈശോയുടെ കാതുകളിൽ പതിയുന്നു. ചങ്കുപൊട്ടി നിലവിളിക്കുന്ന പ്രാർത്ഥന ദൈവതിരുമുമ്പിൽ തള്ളിപ്പോവുകയില്ല. ഇന്നല്ലെങ്കിൽ നാളെ അവയ്ക്ക് തിരുമുമ്പിൽ നിന്നും മറുപടി ഉണ്ടാകും. അതുകൊണ്ടാണ് ജനക്കൂട്ടത്തിന്റെ ആരവത്തിനിടയിലും അന്ധന്റെ നിലവിളി കേൾക്കാൻ ദൈവപുത്രന് കഴിഞ്ഞത്. വിശ്വാസത്തോടെയുള്ള പ്രാർത്ഥനയ്ക്ക് ദൈവതിരുമുമ്പിൽ വിലയുണ്ട് എന്ന സത്യം അന്ധയാചകന്റെ സംഭവത്തിലെ വചനം വ്യക്തമാക്കുന്നു.

അവസാനമായി, സൗഖ്യം ലഭിച്ച അന്ധൻ പുതിയ വ്യക്തിയായി തീരുന്നു. പഴയ വഴികളും പ്രവർത്തികളും ഉപേക്ഷിച്ച് കർത്താവിനെ പിൻതുടരുന്നു. ലൂക്കാ 2:31-ൽ ഉണ്ണിയേശുവിനെ കൈകളിലെടുത്തുകൊണ്ട് ശിമയോൻ പറഞ്ഞത് "സകലജനത്തിനും വേണ്ടി ഒരുക്കിയിരിക്കുന്ന രക്ഷ എന്റെ നയനങ്ങൾ കണ്ടു കഴിഞ്ഞു എന്നാണ്. ഇതാണ് ഈ അന്ധൻ സൗഖ്യമായപ്പോൾ ലഭിച്ചത്. അവന് രക്ഷയും കിട്ടി, രക്ഷകനെയും കിട്ടി. നാളിതുവരെ ദൈവം ചൊരിഞ്ഞ അനുഗ്രഹങ്ങളെ പ്രതി അവിടുത്തോട് നന്ദി ഉള്ളവരായിരിക്കണം.

നന്ദിയുടെ ഏറ്റവും വലിയ ആഘോഷമാണ് വി.കുർബ്ബാന. എന്താണ് ഈ അന്ധൻ അവസാനം ചെയ്തത്. 43-ാം വാക്യം പറയുന്നു. "അവൻ ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ട് യേശുവിന്റെ പിന്നാലെ പോയി." അന്ധന്റെ പിടിവാശിയാണ് അവന് അനുഗ്രഹം സ്വന്തമാക്കാൻ സാധിച്ചത്. നമ്മുടെ നിയോഗങ്ങളും പ്രാർത്ഥനകളും വി.ബലിയിൽ സമർപ്പിച്ച് പ്രാർത്ഥിക്കണം. ഇന്നും ജീവിക്കുന്ന യേശു, അപ്പമായ് നമ്മുടെ മുൻപിലേക്കു കടന്നുവരും. യേശുവിനെ വിളിച്ച് നമുക്ക് പ്രാർത്ഥിക്കാം. കർത്താവേ, ദാവീദിന്റെ പുത്രാ ഞങ്ങളിൽ കനിയണമേ. ദൈവ തിരുമുമ്പിൽ നിലവിളിച്ചപ്പോൾ അന്ധനുണ്ടായിരുന്ന മനോഭാവം നമ്മുടെ ഹൃദയങ്ങളിലും ഉണ്ടായിരിക്കട്ടെ. അതിനായി ഈ വിശുദ്ധ ബലിയിൽ നമുക്ക് പ്രാർത്ഥിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

നിത്യം പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.

ആമ്മേൻ